കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -വാത്തിക്കുടി ഗ്രാമപഞ്ചായത്ത് – ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും രണ്ട് കോടി നാൽപ്പത് ലക്ഷം രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1284/15/തസ്വഭവ തിരുവനന്തപുരം, തീയതി : 29.04.2015

പരാമർശം -
1. സ.ഉ.(എം.എസ്)നം.147/2009/തസ്വഭവ തീയതി 29/07/2009.
2. വാത്തിക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.04.2015 ലെ എ 3-1262/12 നമ്പർ കത്ത്
3. പഞ്ചായത്ത് ഡയറക്ടറുടെ 07.04.2015 തീയതിയിലെ എഫ്3-10777/15 നമ്പർ കത്ത്
4. മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി യുടെ 10.03.2015 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി/ ജി.പി/2013/നമ്പരായുള്ള കത്ത്

## ഉത്തരവ്

വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ പ്രൈവറ്റ് ബസ് സ്റ്റാന്റിനോട് ചേർന്ന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി -യിൽ നിന്നും 2,40,00,000/-(രണ്ട് കോടി നാൽപ്പത് ലക്ഷം രൂപ മാത്രം) വായ്പയെടുക്കുന്നതിന് അനുമതി നല്കണമെന്ന് വാത്തിക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂചന (2) പ്രകാരം സമർപ്പിച്ച അപേക്ഷ സൂചന (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിന്റെയും പരാമർശം (3) ലെ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ പ്രൈവറ്റ് ബസ് സ്റ്റാന്റിനോട് ചേർന്ന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി -യിൽ

നിന്നും 2,40,00,000/-(രണ്ട് കോടി നാൽപ്പത് ലക്ഷം രൂപ മാത്രം) പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വായ്പയെടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.എസ്.ശോഭന
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വാത്തിക്കുടി ഗ്രാമപഞ്ചായത്ത്
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി. തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ